പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2726 12.03.2018 ൽ മറുപടിയ്ക്ക്

## മൂന്നാറിലെ അനധികൃത കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.പി.ടി. തോമസ്

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിൽ അനധികൃത കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിനായുള്ള റവന്യൂ വകുപ്പിന്റെ നടപടികളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ; | (എ)മൂന്നാറിൽ അനധികൃത കയ്യേറ്റവും, നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. എന്നിരുന്നാലും ചില കേസുകളിൽ കക്ഷികളുടെയും, കക്ഷികളെ പിന്താങ്ങുന്നവരുടെയും പ്രതിഷേധങ്ങൾ ഉണ്ടാകാറുള്ളതാണ്. |
| (ബി) | ശക്തമായ നടപടികൾ സ്വീകരിച്ച റവന്യൂ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയും അവഹേളിച്ചും ഉന്നത തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രസ്തുത ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതിന് കാരണമായിട്ടില്ലേയെന്ന് വ്യക്തമാക്കാമോ; | (ബി) അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ ഉന്നത തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| (സി) | ദേവികുളം താലൂക്ക് ഓഫീസിന് സമീപത്തെ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുവാനായി 12.04.2017-ന് അവിടെ എത്തിയ ഉദ്യോഗസ്ഥരെ തടഞ്ഞവർക്കെതിരെ നടപടി സ്വീകരിക്കാത്ത പോലീസുദ്യോഗസ്ഥർക്കെതിരെ അന്നത്തെ സബ് കളക്ടർ നടപടിക്ക്ശിപാർശ ചെയ്തിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ശിപാർശ ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ച ശുപാർശയിന്മേൽ H3/97/2017/Home നമ്പർ ഫയലിൽ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് പോലീസ് ചീഫിന് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ